# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.258 | 09/03/2015 ൽ ഇടക്കാല മറുപടി നൽകിയത് |
|---|---|

**മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെയുള്ള വിജിലൻസ് അന്വേഷണം**

| | ചോദ്യം | | അന്തിമ മറുപടി |
|---|---|---|---|
| | ഡോ.കെ.ടി.ജലീൽ | | ശ്രീ.രമേശ് ചെന്നിത്തല<br>(മുൻ ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്നത്) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് എത്ര ഹർജികൾ ലഭിച്ചു ; വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചവ എത്ര ; സർക്കാരിന് ലഭിച്ചവ എത്ര ; | (എ) | ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്കുമെതിരെ വിജിലൻസ് ഡയറക്ടർക്ക് നേരിട്ട് 3 പരാതികളും കോടതി മുഖാന്തിരം 14 പരാതികളും ലഭിച്ചിട്ടുണ്ട്. സർക്കാരിന് ലഭിച്ച ഹർജികൾ 5 ആണ് |
| (ബി) | ഏതെല്ലാം ഹർജികൾ പ്രാഥമിക അന്വേഷണം നടത്തി തുടർ അന്വേഷണം ആവശ്യമില്ലെന്ന് കണ്ട് ഉപേക്ഷിച്ചു ; | (ബി) | നേരിട്ട് ലഭിച്ച പരാതികളിൽ ബഹു. പ്രതിപക്ഷ നേതാവിന്റെ പരാതിയിന്മേൽ ശ്രീ.കെ.എം.മാണിയ്ക്ക് ഒരു കോടി രൂപ കോഴ നൽകി എന്ന പരാതിയിൽ സത്വരാന്വേഷണം നടത്തി, തുടർന്ന് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയും ചെയ്യുന്നു.<br><br>ശ്രീ.വൈക്കം വിശ്വൻ സമർപ്പിച്ച പരാതിയിൽ ഒരു സത്വരാന്വേഷണം നടന്നു വരുന്നു. ഒരു പരാതിയിൽ തുടർ അന്വേഷണം ആവശ്യമില്ല എന്നു കണ്ട് തീർപ്പ് കൽപിച്ചു കോടതി മുഖാന്തിരം കിട്ടിയ 14 പരാതിയിൽ 11 പരാതികളും തുടർ അന്വേഷണംആവശ്യമില്ല എന്ന് കണ്ട് തീർപ്പ കൽപ്പിച്ചു 3 എണ്ണത്തിൽ സത്വരാന്വേഷണം നടന്നു വരുന്നു. |
| (സി) | ഏതെല്ലാം ഹർജികളിൽ വിജിലൻസ് അന്വേഷണം നടത്തി വരുന്നുണ്ട് ; ഇതിലെ കക്ഷികൾ ആരെല്ലാം ; അന്വേഷണം പൂർത്തിയാക്കിയവ എത്ര ; | (സി) | ഇവയിൽ ഒന്നിലും വിജിലൻസ് അന്വേഷണം നടക്കുന്നില്ല. 3 സത്വരാന്വേഷണം നടന്നു വരുന്നു. |
| (ഡി) | സർക്കാരിന് ലഭിച്ച എത്ര ഹർജികൾ വിജിലൻസിന്റെ പ്രാഥമിക അന്വേഷണത്തിനായി അയച്ചു കൊടുത്തിട്ടുണ്ട് ; അവശേഷിക്കുന്നവ എത്ര ? | (ഡി) | ഇല്ല |

സെക്ഷൻ ആഫീസർ